ശ്രീ. കെ. എ. ബാലൻ : ഗവണ്മെൻറ ജീവനക്കാരായി അവരെ അംഗീകരിച്ചിട്ടില്ലെങ്കിൽ, ശിക്ഷിക്കുന്നതു ശരിയാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഗവണ്മെൻറ ജീവനക്കാർ അല്ലെങ്കിലും കുറ്റം ചെയ്താൽ ശിക്ഷിക്കും.

ശ്രീ. പി. കെ. ശ്രീധരൻ : ശിക്ഷിക്കുകയും, ലൈസൻസ് എടുക്കണമെന്നു വ്യവസ്ഥചെയ്യുകയും, ജോലിക്കു കൂലി കൊടുക്കുകയും ചെയ്യുന്ന സ്ഥിതിക്ക് അവരെ ഗവണ്മെൻറ തൊഴിലാളികളായി കണിക്കുന്നതേ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ പരിഗണിക്കണമെന്നില്ല.

WRITTEN ANSWERS

Amelioration of the conditions of the Agriculturist

* 153. [26] SHRI P. V. AVIRA THARAKAN : Will the Minister for Agriculture be pleased to state :

(a) whether the Government have taken any measure to ameliorate the conditions of the agriculturist in view of the answer made on the floor of the House on 11th April 1955 to Question No. 394;

(b) if so, what steps the Government have taken; and

(c) have the Government made any enquiry to the debts of the agriculturist in the State?

Home Minister (SHRI A. J. JOHN) :

(a) Yes.

(b) The question of passing legislation to give relief to the indebted agriculturists on the lines of the Madras Indebted Agriculturists (Repayment of Debts Act 1955) is under the consideration of the Government.

(c) No. However Government made enquiries with their Officers in regard to the non-official Bill on the very same subject now pending before the Select Committee, and they are satisfied that there is no necessity for a measure of the nature of the Non-Official Bill.

State Aid and Facilities to members of the Scheduled Caste

* 154. [31] SHRI V. V. SEBASTIAN : Will the Minister for Local Self Government be pleased to state:

(a) what all State Aid and Facilities are being given to members of the Scheduled Caste ;

LIBRARY ARCHIVES Kerala Legislative Assembly

(b) are so much State Aid and Facilities given to those who are converted from the Scheduled Caste to religions other than Hinduism;

(c) if not, what are the State Aids and Facilities that are now being given to them?

Minister for Local Self Government (SHRI K. KOCHUKUTTAN) :

(a and c) † A statement showing the concessions granted to Scheduled Castes, Scheduled Tribes and Xian converts is appended.

(b) No.

പഞ്ചായത്തു ശിപായികൾ.

* 155. [28] ശ്രീ. പി. നാരായൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പഞ്ചായത്തിലേക്കുമുള്ള ശിപായിമാർ എത്ര വീതമാണു് ;

(ബി) ഓരോരുത്തർക്കും കിട്ടുന്ന ശമ്പളം (അല്ലെങ്കിൽ അലവൻസു്) എത്ര രൂപ വീതം ;

(സി) ഇവരുടെ ജോലിയുടെ സ്വഭാവം എന്താണു് ;

(ഡി) ഇവരുടെ ജോലിയുടെ ഗൗരവം അനുസരിച്ചുള്ള വേതനം ഇവർക്കു നൽകുന്നുണ്ടെന്നുണ്ടോ ;

(ഇ) വില്ലേജു് ആഫീസുകളിലെ ശിപായിമാരുടേയും (മാസപ്പടികം) ഇവരുടേയും ജോലികം താരതമ്യപ്പെടുത്തിയാൽ ആർക്കാണു് കൂടുതൽ ജോലിചെയ്യേണ്ടതു്, ആർക്കാണു് കൂടുതൽ വേതനം ലഭിക്കുന്നതു് എന്നു് സദയം വെളിപ്പെടുത്തുമോ ?

ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഓരോ ശിപായി വീതം.

(ബി) ഓരോരുത്തർക്കും ശമ്പളവും, ക്ഷാമബത്തയും കൂടി മാസം 26 ക. വീതമാണു്.

(സി) ആഫീസു് സംബന്ധമായ ജോലികളാണു്.

(ഡി) ഉണ്ടു്.

(ഇ) വില്ലേജു് മാസപ്പടിക്കാരുടേയും, പഞ്ചായത്തു ശിപായിമാരുടേയും ജോലികം താരതമ്യപ്പെടുത്തിയാൽ വില്ലേജുമാസപ്പടികാർക്കാണു് കൂടുതൽ ജോലി ചെയ്യേണ്ടതു് വില്ലേജു മാസപ്പടികാർക്കു് കൂടുതൽ വേതനം ലഭിക്കുന്നു.

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly